# Urgent Time Limit

നം.വൈ2/62860/11/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി:  .09.2011

പൊതു വിദ്യാഭ്യാസ ഡയറക്ടർ

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

സർ,

വിഷയം:- 2011-12 വർഷത്തെ ദേശീയ അദ്ധ്യാപക അവാർഡ് പാനൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്.
സൂചന:-1) കേന്ദ്ര മാനവശേഷി വികസന വകുപ്പിന്റെ 25.08.2011 എഫ്.1/4/2011 നം. കത്ത്
2) സർക്കാർ കത്ത് നം. 46975/ആർ 2/2011 പൊ. വി 16.09.2011

2011-12 വർഷത്തെ ദേശീയ അദ്ധ്യാപക അവാർഡിന് യോഗ്യരായ അദ്ധ്യാപകരുടെ ഒരു പാനൽ സമർപ്പിക്കാൻ സൂചനയിലെ കത്തിലൂടെ കേന്ദ്ര മാനവശേഷി വികസന വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയാണ്. താങ്കളുടെ അധികാര പരിധിയിൽ വരുന്ന ഗവൺമെന്റ്/ എയിഡഡ്, സ്പെഷ്യൽ സ്കൂളുകളിലെ അർഹതയുള്ള അദ്ധ്യാപകരുടെ ഒരു പാനൽ 04.11.2011ന് മുൻപായി ഈ ഓഫീസിലെ പബ്ളിക് റിലേഷൻസ് ഓഫീസറുടെ പേർക്ക് എത്തിക്കേണ്ടതാണ്.

ഇതിലേക്കായി കേന്ദ്ര മാനവശേഷി വികസന വകുപ്പ് ലഭ്യമാക്കിയിട്ടുള്ള മാർഗ്ഗരേഖയും മാതൃകാ ഫാറവും ഇതോടൊപ്പം അയയ്ക്കുന്നു. അദ്ധ്യാപകർക്ക് നൽകുന്ന ഏറ്റവും വിശിഷ്ടമായ ഈ അവാർഡിന് പ്രപ്പോസലുകൾ തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന നിർദേശങ്ങൾകൂടി നിർബന്ധമായും പ്രാവർത്തികമാക്കേ താണ്.

1. പ്രൈമറി സെക്കന്ററി വിഭാഗങ്ങളിൽ നിന്ന് ഏറ്റവും കുറഞ്ഞത് 4 വീതവും സ്പെഷ്യൽ വിഭാഗത്തിലേക്ക് 2 ഉം പ്രപ്പോസലുകൾ ഉായിരിക്കേതാണ്. സ്പെഷ്യൽ വിഭാഗം നിർദേശം 17-ൽ പ്രതിപാദിക്കുന്നത് ശ്രദ്ധിക്കുക.

2. ഓരോ പ്രപ്പോസലിന്റെയും 3 കോപ്പികൾ വീതം ലഭ്യമാക്കേതാണ്.

3. ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ 3 മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോയും അതിന്റെ നെഗറ്റീവും പ്രത്യേകം അപേക്ഷയോടൊപ്പം വയ്ക്കേതാണ്. കവറിൽ പൂർണ്ണമായ മേൽ വിലാസം ഉണ്ടായിരിക്കേണ്ടതാണ്.

4. അദ്ധ്യാപിക അദ്ധ്യാപക തുല്യ പ്രാതിനിധ്യം ഉണ്ടായിരിക്കണം.

5. ആരോപണ വിധേയരായിട്ടുള്ളവരെ കർശനമായും ഒഴിവാക്കേതാണ്.

6. സർവ്വീസ് വിവരങ്ങൾ (ക്രമ നം.13) കാണിക്കേ കോളത്തിൽ പ്രവർത്തി എടുത്ത എല്ലാ സ്കൂളിന്റെയും പേരും പ്രവർത്തിയെടുത്ത കാലയളവും ഏതു ദിവസം മുതൽ ഏത് വരെയാണെന്ന് വ്യക്തമായി കാണിക്കേതാണ്.

7. സർവ്വീസ് കാലാവധിക്ക് സ്ഥിരം സർവ്വീസ് കാലമാണ് കാണിക്കേണ്ടത്. എന്നാൽ താല്കാലിക സർവ്വീസുകൂടി കാണിക്കുകയാണെങ്കിൽ പ്രസ്തുത സർവ്വീസ് ഏതു വിഭാഗത്തിൽപ്പെടുന്നതാണെന്നും ഇതിന്റെ പൂർണ്ണമായ കാലയളവും പിരിഞ്ഞുപോകാനുണ്ടായ കാരണവും കാണിക്കേണ്ടതാണ്. ഇതിനായി പ്രത്യേകം പ്രഫോർമ വെയ്ക്കേണ്ടതാണ്. സർവ്വീസ് ബ്രേക്കുങ്കിൽ കാരണം കാണിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8. അദ്ധ്യാപക-അദ്ധ്യാപകേതര സർവ്വീസുകൾ പ്രത്യേകം കാണിക്കേണ്ടതാണ്.

9. അപേക്ഷയോടൊപ്പം അപ്രധാന കാര്യങ്ങളുടെ ഫോട്ടോകളും പകർപ്പുകളും കഴിവതും ഒഴിവാക്കേ ണ്ടതാണ്.

10. സ്പെഷ്യൽ കാറ്റഗറിയിലെ പ്രപ്പോസലുകൾ തരുന്നതിന് പ്രത്യേകം താല്പര്യം എടുക്കേണ്ടതാണ്.

11. ഒരു കാറ്റഗറിയിൽ ഒരു നോമിനേഷൻ മാത്രം അയയ്ക്കുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കേ ണ്ടതാണ്.

12. ഓരോ പ്രപ്പോസലും ജില്ലാ സെലക്ഷൻ കമ്മിറ്റിയിലെ എല്ലാ അംഗങ്ങളുടെയും ഒപ്പും മേൽവിലാസവും ഉണ്ടായിരിക്കേണ്ടതും ജില്ലാ സെലക്ഷൻ കമ്മിറ്റി മീറ്റിംഗിന്റെ മിനിറ്റ്സും ഉണ്ടായിരിക്കേണ്ടതാണ്.

13. ദേശീയ അവാർഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രപ്പോസലുകൾ അയക്കുമ്പോൾ മാതൃകാ ഫോറത്തിന്റെ പകർപ്പു മാത്രം പൂരിപ്പിച്ച് അയയക്കുന്ന പ്രവണത പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

14. പ്രപ്പോസലുകൾ ഇംഗ്ളീഷിൽ തയ്യാറാക്കണം. എല്ലാ കോളങ്ങളും പൂർണ്ണമായും വ്യക്തമായും പൂരിപ്പിക്കേണ്ടതാണ്.

15. പ്രപ്പോസലിനോടൊപ്പം ഓരോ അദ്ധ്യാപകന്റെയും സ്വഭാവം (ക്ലിയർ റെക്കോർഡ്സ്) അയാൾക്കെതിരെ നിയമ നടപടികൾ ഒന്നും ഇല്ല എന്നുള്ള വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ സർട്ടിഫിക്കറ്റുകൾ വയ്ക്കേണ്ടതാണ്.

16. എല്ലാ ജില്ലകളിലും അവാർഡിന് അർഹതയുള്ള ധാരാളം അദ്ധ്യാപകർ ഉണ്ടങ്കെിലും ഏറ്റവും അർഹതയുള്ളവരെ കണ്ടെത്തി പാനൽ തയ്യാറാക്കേണ്ടത് വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ ചുമതലയാണ്. അവാർഡിനായി അദ്ധ്യാപകരിൽ നിന്നും അപേക്ഷ സ്വീകരിക്കുവാൻ പാടില്ല.

17. പാരമ്പരീകമായ രീതിയിൽ പ്രവർത്തിക്കുന്ന സംസ്കൃത/അറബിക് സ്കൂളിലെ അദ്ധ്യാപകർക്ക് പ്രത്യേക അവാർഡുകൾ നൽകുന്നുണ്ട്. ഇത്തരം പ്രപ്പോസലുകൾ മുൻകാലങ്ങളിൽ ജില്ലകളിൽ നിന്നും ലഭ്യമാക്കാത്തതിനാൽ ആ അവാർഡുകൾ നഷ്ടമായിട്ടുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള പ്രപ്പോസലുകൾ തരുന്നതിന് പ്രത്യേകം താൽപര്യമെടുക്കേണ്ടതാണ്.

18. പാനലുകൾ തയ്യാറാക്കുന്നതിന് മുൻപ് ഡെപ്യൂട്ടി ഡയറക്ടർമാർ ജില്ലയിലെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടേയും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും ഒരു യോഗം കൂടി ദേശീയ അദ്ധ്യാപക അവാർഡ് ഒരു പ്രത്യേക അജണ്ടയിൽ ചർച്ച ചെയ്യേണ്ടതാണ്.

19. എ.ഇ.ഒ, ഡി.ഇ.ഒ മാരിൽ നിന്നും കാലേകൂട്ടി പ്രപ്പോസലുകൾ വാങ്ങുക. ആ അദ്ധ്യാപകരുടെ സർവ്വീസ് റെക്കോർഡ്, പൊതു പ്രവർത്തനങ്ങൾ, ക്ലാസ്റൂം പ്രവർത്തനങ്ങൾ മുതലായവയെക്കുറിച്ച് സ്വന്തം നിലയിൽ ഒരു അന്വേഷണം നടത്തേണ്ടതും അയോഗ്യരായ ഏതെങ്കിലും അദ്ധ്യാപകർ പാനലിൽ ഉണ്ടെങ്കിൽ അവ ഒഴിവാക്കി പകരം ആളിനെ കണ്ടെത്തേണ്ടതുമാണ്.

20. ജില്ലാതല കമ്മിറ്റി കൂടുന്നതിന് മുൻപ് ലഭിച്ച പ്രപ്പോസലുകൾ യോഗ്യരായ അദ്ധ്യാപകരുടേതാണെന്നും അവാർഡിന് അർഹരായ ഒരദ്ധ്യാപകരേയും ഒഴിവാക്കപ്പെട്ടിട്ടില്ല എന്നും ഉറപ്പാക്കേണ്ടതാണ്.

21. നിശ്ചിത തീയതിക്കുശേഷം എ.ഇ.ഒ/ഡി.ഇ.ഒ മാർ തരുന്ന പ്രപ്പോസലുകൾ യാതൊരു കാരണവശാലും ഉൾപ്പെടുത്തരുത്.

22. മുൻവർഷങ്ങളിൽ നിർദേശിച്ച എണ്ണം പ്രപ്പോസലുകൾ ലഭ്യമാക്കുന്നതിനും വനിതാ പ്രാതിനിധ്യത്തിലും സ്പെഷ്യൽ കാറ്റഗറി വിഭാഗത്തിലും നോമിനേഷൻ തരുന്നതിനും വീഴ്ചവരുത്തുകയുണ്ടായി. അതിനാൽ മേൽ നിർദേശങ്ങൾ പൂർണ്ണമായി പാലിച്ച് യഥാസമയം പാനലുകൾ ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

23. 2011-12 വർഷത്തിൽ സംസ്ഥാന അവാർഡ് നേടിയ അദ്ധ്യാപകരേയും നാഷണൽ അവാർഡിനായി പരിഗണിക്കാവുന്നതാണ്.

24. നാഷണൽ അവാർഡ് സെലക്ഷൻ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ഗൈഡ്ലൈനിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

പൊതു വിദ്യാഭ്യാസ ഡയറക്ടർ

<u>പുറത്തെഴുത്ത് നമ്പർ എഫ്1/18216/11</u>

വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം
എറണാകുളം, തീയതി: 20/10/2011

എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു. പ്രൊപ്പോസലുകൾ 29/10/2011ന് മുമ്പായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഈ കാര്യത്തിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ഒപ്പ്)
വിദ്യാഭ്യാസ ഉപ ഡയറക്ടർ
എറണാകുളം